discussion, for the introduction of spinning in the Schools of the State, in Vrischigam last, what have they done in carrying it out except to pass a most unsatisfactory Government order, and give a bold heading 'Spinning classes' in the budget. I have to say a good deal on this subject—the indifference of the Government about that resolution in the step-motherly treatment accorded to it. But I shall do so, when the motion for cut upon this item is taken up. I enter my emphatic protest against the attitude of the Government in this matter. Here is a surplus budget. Here is a fine opportunity for the Government to redeem its pledge. I hope they will not fail to take advantage of it.

I would suggest that the balance may be distributed for the extension of sanitation in rural areas, the improvement of irrigation, the encouragement of the Ayurvedic ystem Sof Medicine, the spread of the Co-operative movement and the development of the Department of Agriculture and Panchayats.

The Agricultural Department.—Ours is an agricultural country. Half of our population is engaged in agriculture. We are able to produce food-stuffs only for four-months of the year. The land is limited. Improvement of the methods of agriculture is the only way to increase the production of food-stuffs. In other words, we want intensive cultivation. Our present agricultural classes are ignorant of it. They have to be educated, and it can be done best by the Department of Agriculture, where we are fortunate in having a handful of enthusiastic and clever experts. We find fault with that department without taking stock of the difficulties it has to encounter. We do not supply them the necessary steam for its engine to move about, and do its useful work. I have often heard the complaint in this House and outside that there are some experts in the department, and that they have not done anything so far. I ask: "Were they given the necessary materials to work? Have they been given a laboratory to make experiments or any up-to-date library for consultation?" I think it is just like asking an expert barber to crop our hair with a blunt axe, and finding fault with him for not doing his work properly. As a matter of fact, I understand that these experts are not now employed in their legitimate work. Our Chemistry Assistant, Mycologist and Entomologist, for want of better work, are deputed mostly for the inspection of Panchayats which certainly do not require expert training in agriculture. I, therefore, suggest that that department may be given a handsome quota from the anticipated savings of the next year, so as to make them carry on an active and effective propaganda in spreading the knowledge of improved methods of cultivation.

LIBRARY ARCHIVES Kerala Legislative Assembly

As regards the Panchayats also, I am aware that things are not going on as they ought to. They are, or at least they ought to be, the units of our self-government. At present, we are handicapped for want of proper men—selfless, honest men, men conscious of their civic rights and responsibilities—to take up that work. The materials are there. They have to be moulded and shaped. This calls for intensive and exhaustive propaganda and effective supervision for some time to come. These, again, require men and money. I congratulate the Government in having recognised this aspect of the question to a certain extent and having made some provision with that end in view. The extension of sanitation and medical relief in rural areas may safely be entrusted to them. I, therefore, venture to suggest that some more amount than is budgetted for the coming year may be allotted to the Panchayats.

I may say that, in making these proposals, I am not unaware of the cry for more effective supervision of the Panchayats and the inadequacy of the present machinery for the same. Reorganise the present system by all means, if you will. Separate that department from the Department of Agriculture, if you so desire it, or give some more able hands to the Superintendent of Agriculture. But the fundamental fact should not be lost sight of that it is the unit of our self-government, and the basis of any future constitution that may be decided for the better administration of our State, and that no stones should be left unturned for organising it on an efficient basis.

മിസ്റ്റർ കെ. പി. കുഞ്ഞൻ.— സർ, വടക്കൊല്ലത്തെ ബഡ്ജറ്റിനേക്കുറിച്ച് പലതും നിരൂപിച്ചുകഴിഞ്ഞിരിക്കുന്നു. ഇനി സംഗതിവശാൽ ചില ഡിപ്പാർട്ടുമെന്റുകളെക്കുറിച്ചുമാത്രം അല്പാല്പമായി വിശദീകരിക്കുവാനെ എന്റെ മുമതലയായി ഞാൻ കാണുന്നുള്ളു.

വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിൽനിന്നും നമ്മുടെ സംസ്ഥാനത്തെ പൊതുജനത്തിനുവേണ്ടി ചെയ്തുകൊണ്ടിരിക്കുന്ന സഹായസഹകരണങ്ങൾ പ്രത്യേകം ശ്ലാഘനീയങ്ങളാകുന്നു. അധികൃതരുടെ ഇടയിൽ വിദ്യാഭ്യാസം പരത്തുവാൻ ചെയ്തുവരുന്ന ശ്രമങ്ങൾക്കാണ് അവയിൽ തുലോം പ്രാധാന്യം കൊടുക്കേണ്ടതു്.

എന്നാൽ പുലയകുട്ടികളുടെ വിദ്യാഭ്യാസവിഷയത്തിൽ ബഹുമാനപ്പെട്ട ഗവർമ്മെണ്ടു് മുൻകാലങ്ങളിൽ കാണിച്ചിരുന്ന ഔദാര്യം പിൻകാലങ്ങളിൽ അത്രതന്നേ കാണുന്നില്ലാത്തതു് ശോചനീയമാണ്. ഉദ്ദേശിച്ചപോലെയൊ, അതിൽ സഹസ്രാംശം പോലുമൊ, വിദ്യാഭ്യാസം പുലയരുടെ ഇടയിൽ പ്രചരിച്ചിട്ടില്ലാതിരിക്കെ, മുൻകാലങ്ങളിൽ ചെയ്തുവന്ന വിതരണങ്ങൾ കുറയ്ക്കുവാൻ തീരെ ആവശ്യമില്ലാത്തതായിരുന്നു. ഈ രാജ്യത്തിലെ വാലന്മാരുടെയും മറ്റും സ്ഥിതികളെ ആരാഞ്ഞറിയുന്നവർ അവരുടെ ഇടയിൽ വിദ്യാഭ്യാസത്തിനു് വേണ്ടത്ര പ്രചാരം വന്നിട്ടുണ്ടെന്നു് ഒരിക്കലും സമ്മതിക്കുന്നതല്ല. അവരിൽ 1,000-ൽ 999 പേരും ഉണ്മാനില്ലാതേയും, ഉടുപ്പാനില്ലാതേയും, കിട

LIBRARY ARCHIVES Kerala Legislative Assembly

പ്പാനില്ലാതേയും കഷ്ടപ്പെടുന്നവരാകുന്നു. അവരിൽ അശേഷം സ്നേഹത്തോ, നല്ലവണ്ണം കൂയറിക്കിടക്കുവാൻ ഭവനങ്ങളോ, ഇല്ലാത്ത രണ്ടു വാലന്മാരുടെ കൂട്ടികൾ നമ്മുടെ നാം ഗ്രേഡ് കാളേജിൽ ജൂനിയറും സീനിയറും ബി. എ. ക്ലാസ്സുകളിൽ അഭ്യസിക്കുന്നുണ്ട്.

അവക്ക് എന്തെങ്കിലും കൂടുതൽ സഹായം ചെയ്തുകൊടുക്കുന്നതിന് ഗവർമ്മേണ്ടിനെ ബോധിപ്പിച്ചതിൽ അങ്ങനെ ചെയ്യാൻ നിയമം അനുവദിക്കുന്നില്ല എന്നാണ് ഗവർമ്മേണ്ട് പറയുന്ന മറുപടി.

സർ, നിയമങ്ങളും മറ്റും മനുഷ്യനിർമ്മിതങ്ങളാണല്ലൊ? അവ ആവശ്യത്തിനുവേണ്ടി നിർമ്മിക്കയും നിരസിക്കപ്പെടുകയുമാണല്ലൊ ചെയ്യുന്നത്! പാവപ്പെട്ട ഒരു സമുദായത്തിൽനിന്നും അത്രാന്തപരിശ്രമം ചെയ്ത് ബി. എ. ക്ലാസ്സിൽ കയറിവന്ന് കിതച്ച് ശ്വാസംമുട്ടി പിച്ചക്ക് കൈനീട്ടുന്ന ദീനന്മാരുടെ നേരേ നിയമം എടുത്ത് മോങ്ങുന്നത് ഗവർമ്മേണ്ട് അധഃകൃതരുടെ വിദ്യാഭ്യാസത്തിൽ ആചരിക്കുന്ന ധർമ്മാദർശത്തിനും, ക്ലേതദയക്കും തീരെ യോജിക്കാത്തതും ഗവർമ്മേണ്ടിന്റെ പേരിൽ മായ്ക്കുകളങ്കത്തെ ആവജ്ഞിക്കുന്നതും ആകുന്നു.

സർ, അതിസാഹസമായ ഒരു വ്യവസായം കൊണ്ട്—അതെ, കോളിരമ്പുന്ന ചെങ്കടലിൽ ചെന്ന് മരണകാങ്ങളായ മുട്ടങ്ങളെ കടന്ന് ജലപുഷ്പങ്ങളെ ശേഖരിച്ച്—നങ്ങളുടെ പെറുകുടിലുകളെ പോറ്റുന്നവനും ആദായം കൊണ്ട് ഗവർമ്മേണ്ടിന്റെ ഖജനാവിനെ നിറച്ച് കൊടുക്കുന്നവനുമായ ഒരു വ്യവസായിയുടെമകൻ വളരേക്കാലംകൊണ്ട് പുഴയിൽനിന്നും കയറി കാളേജിലോളം എത്തുമ്പോൾ "പ്രൊവിഷൻ" ഇല്ലാ എന്നും മറ്റും പറഞ്ഞ് അവനെ നിരാശപ്പെടുത്തി ഇറക്കിവിടുന്നതു് ഏതു നീതിയെ ആസ്പദമാക്കിയുണ്ടാണ് ഞാൻ ഈ ആലയത്തിൽ നിന്നും വിനയപൂർവ്വം അന്വേഷിക്കുന്നത്?

സർ, "ദരിദ്രേദീയതേ ദാനം സഫലം" എന്ന ആപ്തവാക്യത്തെ നാം ആദരിക്കണം. തൊഴിലാളികളുടെ കുട്ടികളെ വേണ്ടപോലും, നേരിട്ടാൽ കൂടുതൽ സഹായം ചെയ്യേണ്ടതിനു് വേണ്ടിവന്നാൽ നിയമങ്ങൾ ഉണ്ടാക്കണം.

കാളേജിൽ ബി. എ. ക്ലാസ്സുകളിൽ വായിക്കുന്ന പാവപ്പെട്ടവക്ക് പ്രത്യേകം സ്കോളർഷിപ്പുകൾ ഏർപ്പെടുത്തേണ്ടതാകുന്നു.

എന്നാൽ വിദ്യാഭ്യാസമേലദ്ധ്യക്ഷൻ സന്ദർശനം ചെയ്യുമ്പോഴൊക്കെ ഈ സാധുസമുദായത്തിന്റെ വിദ്യാഭ്യാസത്തിൽ കാണിച്ചിട്ടുള്ള ഔദാര്യങ്ങളെ ഇവിടെ രേഖപ്പെടുത്താതിരിക്കാൻ നിവൃത്തിയില്ല. ആനാപ്പുഴ, ചെറായി, തുശം, ഈ മൂന്നു പ്രാഥമിക വിദ്യാലയങ്ങൾ വാലവിദ്യാർത്ഥികളുടെ കൂടുതൽ ഗുണത്തെ ഉദ്ദേശിച്ച് നടത്തപ്പെടുന്നവകളാണ്. വാലസമുദായത്തിൽ നിന്നും അദ്ധ്യാപകന്മാരെ നിയമിക്കുന്നതിലും അവരെ വേണ്ടപോലെ മാറ്റുന്നതിലും വിദ്യാഭ്യാസമേലദ്ധ്യക്ഷനവർകൾ ബുദ്ധിപൂർവ്വം കാണിച്ചിട്ടുള്ള ഔദാര്യങ്ങൾ വാലവിദ്യാലയങ്ങളുടെ നടത്തിപ്പിനും പ്രത്യേകം സഹായങ്ങളായിട്ടുണ്ട്.

എന്നാലും സ്കൂൾഫൈനലും പരീക്ഷ പാസ്സായ ഒരു വാലയുവതിയും ഒരു യുവാവും അപേക്ഷ കൊടുത്തിട്ട് ഇനിയും വിദ്യാഭ്യാസവകുപ്പിൽ ഒരുദ്യോഗവും കിട്ടാതെ കാത്തിരിക്കുന്നുണ്ട്. ഈ പാവപ്പെട്ട സമുദായത്തിലെ ഉദ്യോഗസ്ഥാംഗങ്ങളുടെ എണ്ണം ആലോചിക്കുമ്പോൾ അവരെ ഇത്രമേൽ കാത്തു കാലയാപനം ചെയ്യിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

വിദ്യാഭ്യാസവകുപ്പിലെ ബ്രാഹ്മണരുടേയും ക്രിസ്ത്യാനികളുടേയും മാറ്റം ഉദ്യോഗസ്ഥാംഗങ്ങളുടെ എണ്ണം നോക്കുമ്പോൾ വാലന്മാരുടേയും മാറ്റം ഇടയിൽനിന്ന് ഉദ്യോഗത്തിന് അപേക്ഷിക്കുന്നവരെ അനിഷ്ടം താമസിപ്പിക്കാതെ സർവ്വീസിൽ അംഗീകരിക്കേണ്ടതാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സർ, പുരാതനകാലം മുതല്ക്കേ അടുത്ത ഒരു കാലംവരെ ഉഴവേലകൊ കൊണ്ട് ഗവർമ്മെണ്ടിനെ സഹായിച്ചിരുന്നവരും, ഇപ്പോൾ ഒരു നല്ല വ്യവസാ യംകൊണ്ട് സഹായിച്ചു വരുന്നവരുമായ പാവപ്പെട്ട ഒരു കൂട്ടം ജനങ്ങൾക്കു വേ ണ്ടി—എന്നുവെച്ചാൽ അവരുടെ കൈത്തൊഴിൽ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേ ണ്ടി—ഏതെങ്കിലും ഒരു സംഖ്യ ഈ ബഡ്ജറ്റിൽ വിനിയോഗിച്ചു കാണാ ത്തതിൽ ഞാൻ വ്യസനിക്കുന്നു. ഇന്നു തീവണ്ടിയും തീത്തോട്ടം ഗവർമ്മെണ്ടിനും ജനങ്ങൾക്കും വേണ്ടി ചെയ്തുതരുന്ന സഹായങ്ങൾ ഈ അടുത്തകാലം വരെ ഈ രാജ്യത്തിൽ വാലന്മാരാണ് ചെയ്തുകൊടുത്തിരുന്നത്. അവർ ഉഴവേല കൊണ്ട് ഗവർമ്മെണ്ടിനെ സഹായിച്ചിരുന്നു എന്നുമാത്രമല്ല ഏതാണ്ട് "ഫോ ഴ്സ് ലേബർ" (നിർബ്ബന്ധവേല) ഗവർമ്മെണ്ട് അവരേക്കൊണ്ട് ചെയ്യിച്ചിരുന്നു. സംസ്ഥാനത്തിലെ മറ്റുള്ള വർഗ്ഗക്കാരെല്ലാം സ്വതന്ത്രമായി ഇംഗ്ലീഷ് വിദ്യാ ഭ്യാസം ചെയ്തു തുടങ്ങിയകാലത്തും അവർക്ക് അതിൽ ഏർപ്പെടുവാൻ സാധിച്ചിരു ന്നില്ല. ഗവർണ്മർ രസിഡണ്ട് എന്നുവേണ്ടാ ബ്രിട്ടീഷ് ഗവർമ്മെണ്ടിന്റെ പ്ര തിനിധികൾ വരുമ്പോഴെല്ലാം അവർക്ക് മിക്കവർക്കും ധാരാളം ജോലിയുണ്ട്. സാന്നദ്ധന്മാരേയും ഉദ്യോഗസ്ഥന്മാരേയും തൃശ്ശിവപേരൂർ നിന്നും പോഞ്ഞിക്കര യിലും മറ്റും കൊണ്ടുവരേണ്ടതു അവരുടെ മുതലായിരുന്നു. തപാലുകളും അഞ്ചലുകളും വണ്ടിവഴിക്ക് കടത്തിക്കൊണ്ടുപോകേണ്ടതും അവരായിരുന്നു. പോ ഞ്ഞിക്കര ബംഗ്ലാവിലും എറണാകുളത്തും മറ്റുമുള്ള തവണക്കടവുകളിലും അ വരെ എപ്പോഴും കാണേണ്ടിയിരുന്നു. സായ്പന്മാർക്കും മാറും അന്നന്ന് ആഹാ വാ വെള്ളം കൊണ്ടുവരേണ്ടതും മറ്റൊരു വർഗ്ഗക്കാരുടെ മുതലയിൽ പെട്ടതല്ലായിരുന്നു. സായ്പന്മാർക്ക് ജലപുഷ്പങ്ങൾ സംഭരിച്ചുകൊടുക്കുന്ന കഴകവും അവരിൽ ഏറോപിക്കപ്പെട്ടിരുന്നു. പക്ഷിനായാട്ടിൽ ഭ്രാന്തന്മാരായ സായ് പന്മാരേയും മദാമ്മമാരേയും കൂടാരബോട്ടുകളുടെ മുകളിൽ കവച്ചുകളും മാറും വെച്ചുകെട്ടി അവയിൽ കയറിയിരുത്തി കായലോരങ്ങളിൽ കൂടി വലിച്ചു ന ടന്നില്ലെങ്കിൽ അവർക്ക് ശിക്ഷകിട്ടിയിരുന്നു. അങ്ങനെയുള്ളവേലകളെല്ലാം ചെയ്യിച്ചിരുന്നതിനു അവർക്ക് കൊടുത്തിരുന്ന പ്രതിഫലം ഒരു വെള്ളിപ്പുത്തൻ മാത്രമായിരുന്നു. ഏതായാലും യൂറോപ്യന്മാരിലും നാട്ടുകാരിലും ഉത്തരവാദ പ്പെട്ടവർ ആരുംതന്നെ ഈ പാവപ്പെട്ടവർക്കുവേണ്ടി പറയത്തക്ക യാതൊരു സ ഹായവും ചെയ്തിട്ടില്ലെന്ന് പറഞ്ഞാൽ കുഴപ്പമില്ലാ.

ഉഴവം നിന്നതിനുശേഷം വാലന്മാർ അവരുടെ പുഴവേലയിൽ തന്നെ അ ശ്രാന്തം പരിശ്രമം ചെയ്തുവന്നു. അതുകൊണ്ട് അവർക്ക് അല്പാല്പം ഗുണവും സിദ്ധിച്ചു. അങ്ങനെ യിരിക്കുമ്പോഴാണ് 1086-ൽ "ഫിഷറിഡിപ്പാർട്ടുമെണ്ട്" സ്ഥാപിച്ചതു. ഡിപ്പാർട്ടുമെണ്ട് സ്ഥാപിക്കുന്നതു ഈ വ്യവസായത്തിൽ കൂ ടുതൽ പരിഷ്കാരങ്ങൾ ഉണ്ടാക്കി അവർക്ക് ഗുണം ചെയ്യാനാണെന്നാണ് അവ രെ മനസ്സിലാക്കിയിരുന്നതു. മിസ്റ്റർ എ. ബി. സേലം മത്സ്യബന്ധനം സം ബന്ധിച്ചു അന്വേഷണങ്ങൾ നടത്തിയിരുന്നപ്പോഴും, അന്നത്തെ ദിവാൻജിയാ യിരുന്ന എ. ആർ. ബാനർജി (now Sir) അവർകൾ കൊച്ചി വാലസമുദായ പരിഷ്കാരിണി സഭയിൽ അദ്ധ്യക്ഷം വഹിച്ചപ്പോഴും, കൊച്ചിയിൽ പുതുതാ യി സ്ഥാപിച്ച ഫിഷറി ഡിപ്പാർട്ടുമെണ്ട് കൊണ്ട് ഗണ്യമായ ഗുണങ്ങൾ ഉ ണ്ടാകുമെന്നു വാലന്മാർ കാത്തിരുന്നു. പക്ഷെ, പ്രസ്തുത ഡിപ്പാർട്ടുമെണ്ടുകൊ ണ്ട് ഗുണത്തിനുപകരം അവർക്ക് ദോഷമാണുണ്ടായതു. ആദ്യം ഒരു വെള്ളിപ്പു ത്തൻ നികുതി കൊടുത്തിരുന്ന ഉന്നികൾക്ക് 4 കു. കരം മുതൽ. പണ്ടുകാ ലങ്ങളിൽ തക്കവും തരവും നോക്കി ഒരു മിതമായ നികുതി മാത്രം കൊടുത്തു ഉന്നികൾ തറച്ചിരുന്നു. ഡിപ്പാർട്ടുമെണ്ട് തുടങ്ങിയതിനു ശേഷം ഗവ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മേഖലയിൽ നിന്നതന്നെ പലസ്ഥലങ്ങളിലും പുതുതായി ഉൗന്നികൾ നാട്ടി ചേലം വിളിക്കുവാൻ തുടങ്ങി. മറ്റൊരു തൊഴിലും അറിയാത്ത വാലന്മാർ വിളക്കത്തു് പ്രാണികൾ വീഴുന്നതുപോലെ ഈ മേലത്തിൽ വന്നു് വീഴുവാൻ തുടങ്ങി. അവർ ആയിരക്കണക്കിനു് ഉൗന്നികൾ ചേലം കൊണ്ടു. അവരിൽ പലരുടേയും ദുസ്സഹത്തിനു ഉൗന്നികൾക്കു് വേണ്ടി വിനിയോഗമായി.

ഉൗന്നികൾ വല്ല സംഗതിവശാലും ഗവൺമെന്റിൽനിന്നും നീക്കിച്ചെലവുമ്പോഴൊക്കെ അതാതു സ്ഥലങ്ങളിലുള്ള നിരക്കനുസരിച്ചു് ഗവൺമെന്റു് ഈ വിഷയത്തിലേക്കുപ്പെട്ടുത്തിയ നിയമങ്ങളിൽതന്നെ പ്രതിവാദിച്ചിട്ടുണ്ടു്. എന്നാൽ ഗവൺമെന്റിൽ നിന്നും ഉൗന്നികൾ നീക്കിച്ചെലവുമ്പോഴൊക്കെ ഗവൺമെന്റിന്റെ തന്നെ വിജ്ഞാപനത്തെ വിസ്മരിച്ചു് വില വളരെ കുറച്ചു് കൊടുക്കയാണുണ്ടായതു്. ഇങ്ങനെ ചെയ്തതുകൊണ്ടു് പറമ്പുകളും മറ്റും വിറ്റു് ഉൗന്നിലേലം വിട്ടിച്ചവർക്കു് കടവിൽ പറമ്പുകളും ഉൗന്നികളും ഇല്ലാതെയാണു് വന്നു് കൂടിയതു്.

1086-ൽ ഏതാനും ആഡംബരങ്ങളൊഴികെ കൂടിയാണു് പ്രസ്തുത ഡിസ്പ്രൊപോർട്ടുഷണേറ്റു് സ്ഥാപിച്ചതു്. എന്നാൽ പുതിയ ചില ഉൗന്നികളും ചീനവലകളും നാട്ടിച്ചതിന്റെയും, തോടുകളിലേയും മറ്റും മത്സ്യബന്ധനത്തിനുള്ള അവകാശം ഗവൺമെന്റിലേയ്ക്കു് സമ്പാദിക്കയും ചെയ്തതിന്റെ ശേഷം മത്സ്യബന്ധനക്കാരുടേയും ആ വ്യവസായത്തിന്റെയും യാതൊരു അഭ്യുദയത്തേയും ഗണിക്കാതെ ആ ഡിസ്പ്രൊപോർട്ടുഷണേറ്റിന്റെ തീരെ വലിയഭാഗം കുറയ്ക്കുകയാണു് ചെയ്തതു്.

സർ, ഫിഷറി ഡിസ്പ്രൊപോർട്ടുഷണേറ്റു് നമ്മുടെ രാജ്യത്തിന്റെ സ്ഥിതിക്കു് ഒരിക്കലും എടുത്തുകളവാൻ പാടുള്ളതെന്നു്. ഇവിടത്തെ ജനസംഖ്യയ്ക്കു് ആളൊന്നിനു് വർഷത്തിൽ പതിനഞ്ചോ ഉസൻറു് തൂക്കമുള്ള ശരാശരി വീതിക്കയാണെങ്കിൽ നമുക്കു് ലഭിക്കപ്പെടുവാനുള്ളു. ആ സ്ഥിതിക്കു് കൃഷിക്കാരുടെ മാത്രം കൊച്ചീക്കാർക്കു് ദാരിദ്ര്യം കൂടാതെ കഴിഞ്ഞുകൂടുവാൻ പ്രയാസമാണെന്നു് സ്പഷ്ടമാണല്ലൊ. നമ്മുടെ സാമ്പത്തിക സ്ഥിതി ശരിയാക്കികൊണ്ടു് പോകേണമെങ്കിൽ മത്സ്യബന്ധനത്തിൽ സാരതരമായ പരിഷ്കാരങ്ങൾ വരുത്തണം. അന്യായമായ മത്സ്യബന്ധനങ്ങളെ തടയണം. കടൽകൃഷി, അതായതു്, കടലിലെ മത്സ്യബന്ധനം, വർദ്ധിപ്പിക്കണം.

സർ, ഭൂലോകത്തിൽ വെച്ചു് ബൽജിയം കഴിഞ്ഞാൽ കൊച്ചിയേപ്പോലെ മത്സ്യബന്ധനത്തിനു് പറയിയ സ്ഥലം മറ്റൊരുമിക്കിലുമില്ലെന്നു് ഈ വിഷയത്തിൽ അറിവുള്ളവർ അഭിപ്രായപ്പെടുന്നു.

ഇപ്പോൾ ഹാർബർ ആവശ്യത്തിനു് നിസ്സാരവിലകൊടുത്തു് അഴിമുഖത്തിൽ ഉണ്ടായിരുന്ന ഉൗന്നികൾ ഗവൺമെന്റു് നീക്കിച്ചുകളയുകയാൽ ഈ എറണാകുളം, തുരുത്തു് സൈഡിലും, അഴിമുഖത്തിന്റെ മുറിപ്പാട്ടുള്ള കരകളിലും ഉള്ള എത്രയെത്ര വാലന്മാരാണു് പട്ടിണികിടന്നു് കഷ്ടപ്പെടുന്നതെന്നു് ഒരു കയ്യും കണക്കുമില്ല. ചിലപ്പോഴൊക്കെ അവിടന്നു് വൈകുന്നേരം കാറിൽ കയറി സവാരി പോകാറുണ്ടല്ലൊ. ഒരു ദിവസം ദയവുചെയ്തു് നമ്മുടെ ടൌൺ പോലീസ്സ് സ്റ്റേഷന്റെ വടക്കുവശം കൂടി പത്തുക്കെ ബമ്മാരായിൽ കമ്പനിയിലേക്കു് നീണ്ടുകിടക്കുന്ന റോഡിൽകൂടി അവിടത്തെ കാർ പത്തുക്കെ പത്തുക്കെ ഓടിച്ചു് ആ "വാലർ കോടി" ൽ മരുഭൂനിമിഷം ഒരു കാർ നിറുത്തുവാൻ മയതോന്നുന്നപക്ഷം അവിടേയ്ക്കു് എത്രയോദേകമായ ഒരു കാഴ്ച്ച ഞാൻ കാണിച്ചുതരാം.

പ്രസിഡെണ്ട്.—ഞാൻ ദിവാൻജിയായതിൽ പിന്നീട് അവിടെപോയിട്ടില്ലെന്ന് വിചാരിക്കുന്നുണ്ടോ ?

മിസ്റ്റർ കെ. പി. കറുപ്പൻ.—Thank you, Sir. റോഡിന്റെ ഇരുവശവുമുള്ള കുടിലുകളിൽ നിന്ന് കീറത്തുണികളും ഉടുത്തു വാരിയെല്ലുകളും പൊങ്ങി, എണ്ണ കാണാതെ പറക്കുന്ന തലമുടിയോടും കൂടിഎത്ര പാവപ്പെട്ട സ്ത്രീപുരുഷന്മാരും കുട്ടികളും അവിടത്തെ കാറിനെ വളഞ്ഞു തൊഴുകൈകളോടുകൂടി അവിടത്തെ കരുണയെ പ്രതീക്ഷിക്കുന്നെന്ന് അപ്പോൾ കാണാം.

പ്രസിഡെണ്ട്.—അത് ഉണ്ടായിട്ടില്ലല്ലൊ? മിസ്റ്റർ കറുപ്പൻ! ഞാൻ ദിവാൻജിയായതിൽ പിന്നീടും അവിടെ പോയിട്ടുണ്ട്. പക്ഷെ നിങ്ങളുമൊന്നിച്ചില്ലല്ലോ എന്നുള്ളു. വേണമെങ്കിൽ ഇനി ഒരിക്കൽ നമുക്ക് രണ്ടാൾക്കും ഒന്നിച്ച് പോകാം.

മിസ്റ്റർ കെ. പി. കറുപ്പൻ.—Thank you, Sir. അവരിൽ മിക്കപേരും ഫാർബറിനെ ചില യൂറോപ്യന്മാരുടെ വിവാഹത്തിനും വേണ്ടി ഗവമേണ്ടിൽ നിന്നും ഉണ്ടാക്കിച്ചു കളകയാൽ ആ അവസ്ഥാന്തരത്തെ പ്രാപിച്ചവരാകുന്നു.

സർ, കരുണാനിധിയായ അങ്ങയെ ഞാൻ അവിടേയ്ക്ക് ക്ഷണിക്കുന്നു. ദയാലുവായ ദിവാൻപേഷ്കാരവർകളെ ഞാൻഅവിടേയ്ക്ക് ക്ഷണിയ്ക്കുന്നു. സാനിട്ടറി ആഫീസറേയും ഞാൻ അവിടേയ്ക്ക് ക്ഷണിക്കുന്നു. അവിടെ വരുവാൻ നിങ്ങൾക്ക് ദയവുണ്ടാകുമൊ? ആ പാവപ്പെട്ട കുടിലുകളിൽ മിക്കതും വെള്ളത്തിൽ ഇരിക്കുന്നു; ചതുപ്പുനിലങ്ങളിൽ ഇരിയ്ക്കുന്നു; അശുചിസ്ഥലങ്ങളിൽ ഇരിക്കുന്നു; വീടുകളിൽ മിക്കതും മേഞ്ഞിട്ടുണ്ടോ എന്നു തന്നെ എനിക്ക് സംശയമാണ്. അശുചിയും ദാരിദ്ര്യദേവതയും കൂടി അതു അവരുടെ ഒരു കളിനിലമാക്കിയിരിക്കയാണ്. നിങ്ങൾ ഒരു ദിവസം മോട്ടാർബോട്ടിൽ കയറി വല്ലാർപാടം, വയ്പ്, മട്ടാഞ്ചേരി, മുതലായ കായൽത്തീരങ്ങളിൽ വരികയാണെങ്കിലും ഇത്തരം കാഴ്ചകൾ ഞാൻ കാണിച്ചുതരാം. ഇതിനെല്ലാം ഉത്തരവാദി നമ്മുടെ ഗവമേണ്ടാണെന്ന് ഞാൻ സത്യമായും ദൈര്യത്തോടുകൂടിയും പറയുന്നു. കാല പരമ്പരയായി മറ്റൊരു തൊഴിലുകളിലും ഏർപ്പെട്ട് ശീലമില്ലാതെ ഉന്നികൾ നാട്ടി മത്സ്യബന്ധം ചെയ്യുമാത്രം കുടുംബം പുലർത്തിക്കൊണ്ടുപോകുന്ന ഒട്ടനേകം ജനങ്ങളേ ആ തൊഴിലുകൾ ചെയ്വാൻ നിരോധിച്ചും കൊണ്ട് അവർക്ക് മറ്റു വല്ല തൊഴിലുകളും ഏർപ്പെടുത്തുവാൻ മുതലപ്പെട്ട ഗവമേണ്ടു ആ വിഷയത്തിൽ കണ്ണടച്ച് മൌനം ദീക്ഷിച്ചിരുന്നാൽ അവരെ പിന്നെ ആരാണ് രക്ഷിക്കാനുള്ളതു ?

സർ, കൂട്ടംകൂട്ടമായി തുശം സൈഡിലും മറ്റും താമസിക്കുന്ന വാലന്മാരുടെ പ്രദേശങ്ങളിൽ തൊഴിൽശാലകൾ ഏർപ്പെടുത്തി അവരെ ദാരിദ്ര്യത്തിൽ നിന്നും രക്ഷിക്കുക. പെറായിയിലും മറ്റും പരീക്ഷാർത്ഥം തുടങ്ങിയ "കയർ ഫാക്ടറി" യ്ക്കും മറ്റും തുശം സൈഡ് എത്ര പറ്റിയ സ്ഥലമാണെന്ന് ഗവമേണ്ടു അന്വേഷിച്ചിട്ടുണ്ടോ? ഒരു ക്ലിപ്തകാലത്തേയ്ക്ക് അഭിമുഖത്തിൽ ഫാർബർ പണി പൂർത്തിയാകുന്നതുവരേ മത്സ്യബന്ധത്തിനു അനുവദിച്ചാൽ അവരേക്കൊണ്ട് അവർക്ക് വ്യവസായത്തിനും മറ്റും വണ്ണം ഉണ്ടാക്കുവാനുള്ള ഒരു സ്കീം ഞാൻ എഴുതി സമർപ്പിച്ചിരുന്നുവല്ലൊ? അതിനേക്കുറിച്ച് ഗവമേണ്ടു ഇതേവരെ ഒന്നും ചെയ്തിട്ടില്ല.

സർ, ഇപ്പോൾ ഇവിടെ നടക്കുന്ന മത്സ്യബന്ധം തീരെ അക്രമവും അശാസ്ത്രീയവും ആകുന്നു. ഏറ്റത്തിന് മത്സ്യബന്ധം ചെയ്യുകൂടാത്തതാണ്. ഇപ്പോൾ അതു ചെയ്യുന്നു. നിലങ്ങളിലും മറ്റും ചെമ്മീൻ കേറി വാറ്റിപ്പിടിക്കുന്നതു കൊണ്ട് ഉന്നികളിലെ "അനുഭവം" തീരെ മുങ്ങി ഉന്നികൾ

LIBRARY ARCHIVES Kerala Legislative Assembly

മസ്ഥന്മാർ വലിയ കഷ്ടം അനുഭവിയ്ക്കുന്നു. ഇതുപോലെയുള്ള മത്സ്യബന്ധനങ്ങൾക്ക് അനുവദിക്കുന്നതു കൊണ്ട് ഒരു കാലത്തു തീരെ മത്സ്യങ്ങൾ ഇല്ലാതെ ആയി പോകയും ഇതുകൊണ്ടു മാത്രം വൃത്തി കഴിക്കുന്ന ഒരു വർഗ്ഗക്കാർ നാമാവശേഷമാകയും കൃഷികർക്കും മറും കൂടുതൽ ദോഷം സംഭവിക്കയും ചെയ്യുന്നതാകുന്നു.

സർ, ഇപ്പോൾ നടക്കുന്ന അനിയന്ത്രിത മത്സ്യബന്ധങ്ങൾ (Illegal fishing) ഏതെല്ലാമാണെന്നും, ഇവിടത്തെ മത്സ്യബന്ധത്തിന്റെയും മത്സ്യബന്ധനക്കാരുടേയും ക്ഷേമാഭിവൃദ്ധികൾക്ക് ഉതകുന്നതായ മാർഗ്ഗങ്ങൾ ഏതെല്ലാമാണെന്നു കണ്ടുപിടിച്ചു മുരുങ്ങിയതു് ഒരു കൊല്ലം കൊണ്ടു് ഒരു സമഗ്രമായ റിപ്പോർട്ട് എഴുതി ഗവർമ്മെണ്ടിൽ സമർപ്പിക്കുവാൻ ഒരുദ്യോഗസ്ഥനെ തല്ക്കാലികമായി നിയമിക്കണം.

മത്സ്യബന്ധനക്കാരുടെ ഇടയിൽനിന്നും ഒന്നോ, രണ്ടോ യുവാക്കന്മാരെ ഫിഷറി സംബന്ധമായ കൂടുതൽ വിദ്യാഭ്യാസത്തിനു് വേണ്ടി ജപ്പാനിലോ മറ്റൊരു യച്ചു് പരിശീലിപ്പിക്കണം. ഇവിടെ 'അഗ്രിക്കൽച്ചറൽ' 'ഇഞ്ചിനീയറിംഗ്' മുതലായവയ്ക്ക് സ്കോളർഷിപ്പുകൾ ഏർപ്പെടുത്തിയിട്ടുള്ള ഗവർമ്മെണ്ടു്, ഗവർമ്മെണ്ടിനും ജനങ്ങൾക്കും അതിലും ആദായകരമായ ഫിഷറി ഡിപ്പാർട്ടുമെണ്ടിലേയ്ക്ക് ഒന്നോ രണ്ടോ സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുന്നതു് കൂടുതൽ ഗുണകരമായിരിക്കുമെന്നും ഞാൻ നിർദ്ദേശിക്കുന്നു.

സർ, 1087 മുതൽ ഇതുവരെ ഈ വിഷയത്തിൽ നിന്നും ഏതാനും ലക്ഷം ഉറുപ്പികയാണെല്ലാ ഗവർമ്മെണ്ടിലേയ്ക്ക് ആദായം ലഭിച്ചിരിക്കുന്നതു്. എന്നാൽ ഇതിൽ ഈ തൊഴിലാളികളുടെ തൊഴിൽ അഭിവൃദ്ധിപ്പെടുത്തുന്നതിനു വേണ്ടി ഒരു പൈ പോലും ചിലവു ചെയ്തിട്ടില്ലെന്നുള്ളതു് എത്ര ശോചനീയമായിട്ടുള്ള ഒരു സംഗതിയാകുന്നു! നമ്മുടെ ഗവർമ്മെണ്ടു് അതിന്റെ ഇടത്തും വലത്തും നോക്കിയാൽ തന്നേ ഇങ്ങനെ മൌനം അവലംബിക്കാൻ ആവശ്യമില്ലാത്തതാകുന്നു. തിരുവിതാംകൂറിലും ഫിഷറി ഡിപ്പാർട്ടുമെണ്ടു് ഉണ്ടു്. അവിടെ വാലന്മാർ കൊടുക്കുന്ന നികുതി ഏതാണ്ടു് 9,000 ക. യാണു്. എന്നാൽ ആ ഗവർമ്മെണ്ടു് അവർക്കു് വേണ്ടി മാത്രം കൊല്ലത്തിൽ ചിലവു ചെയ്യുന്നതൊ 11,000 ക. യാണു് പോൽ. അവിടെ അവർക്ക് അഞ്ചു് (5) ഫിഷറി സാങ്കേതിക വിദ്യാലയങ്ങൾ സ്ഥാപിച്ചു കൊടുത്തിട്ടുണ്ടു്. മത്സ്യം കിട്ടാത്ത കാലങ്ങളിൽ ഉപജീവിക്കാനുള്ള വ്യവസായങ്ങളും കൂടി ആ വിദ്യാലയങ്ങളിൽ വെച്ചു് പഠിപ്പിച്ചു വരുന്നു. ഫിഷറി ഡിപ്പാർട്ടുമേണ്ടുകാർ അവിടെ വാലന്മാർക്കു് 27 നാണയസംഘങ്ങൾ സ്ഥാപിച്ചു കൊടുത്തിട്ടുണ്ടു്. മത്സ്യം ഉണക്കേണ്ടതിനും സ്വതന്ത്രമായി കടലിലുകൂടെ കെട്ടി താമസിക്കേണ്ടതിനും അവിടത്തെ ദയാലുവായ ദിവാൻപേഷ്കാർ അവർക്കും വാലൻ ഒന്നുക്കു് പത്തു സെന്റു് സ്ഥലംവീതം പ്രതിഫലംകൂടാതെ പതിച്ചുകൊടുക്കുവാൻ ഉത്തരവായപ്രകാരം അങ്ങനെ ചെയ്തുവരുന്നു. വാലസ്ത്രീകൾ ഉൾനാടുകളിൽ മത്സ്യവില്പനക്കു് പോകുമ്പോൾ ചില 'കടിയാന്മാർ' മീൻ തട്ടിപ്പറിക്കൽ പതിവുണ്ടായിരുന്നു. അതിന്റെ നിവാരണത്തിനുവേണ്ടിയും, വാലന്മാരുടെ വീടുകൾ ശുചിയായിരിക്കുന്നതിനും, അവർ കൂട്ടംകൂട്ടമായി താമസിക്കുന്ന സ്ഥലങ്ങളിൽ ചന്തകളും മീൻചാപ്പകളും ഏർപ്പെടുത്തിവരുന്നു. എന്നാൽ ഇതിനെല്ലാം ഒരു വിശേഷം ഉണ്ടു്. ഈ സഹായങ്ങൾക്കൊന്നിനും തന്നെ അവിടത്തെ ഏതെങ്കിലും ഒരുവാലൻ ഒരു ഹർജി ബോധിപ്പിക്കുകയോ, വാലന്മാർ ഡെപ്യൂട്ടേഷൻ പോകയോ ഒന്നുംതന്നെ ഉണ്ടായിട്ടില്ല. പിന്നെയോ അവ അവിടത്തെ കുരുണാനിധികളും ഉത്തരവാദിത്വബോധമുള്ളവരുമായ ഉദ്യോഗസ്ഥന്മാർ ഫിഷറി

LIBRARY ARCHIVES Kerala Legislative Assembly

ഡിപ്പാർട്ടുമെന്റ് ഏർപ്പെടുത്തി നികുതി മാത്രം ചിന്തിച്ചെടുത്താൽ ആ തൊഴിലിന്നും തൊഴിൽകാക്കും ഉണ്ടാവുന്ന ഭയങ്കരമായ ഭാവിയെ ദീർഘദർശനംചെയ്ത് ചെയ്തുകൊടുത്തിട്ടുള്ള ഉപകാരങ്ങളാകുന്നു. ഇതിനപ്പുറമെ വാലന്മാരുടെ സാമ്പത്തിക സ്ഥിതിയും, സാമുദായിക സ്ഥിതിയും, വിദ്യാഭ്യാസം, ശ്രമിതപ്രമുതലായവയും അഭിവൃദ്ധിയിൽ കൊണ്ടുവരേണ്ടതിന്ന് 'സൊഷ്യൽ റിഫാർമർ, (Social Reformer) എന്ന നാമധേയത്തോടുകൂടി ഒരു ഉദ്യോഗസ്ഥനെ സൃഷ്ടിച്ച് അവരുടെ ഇടയിൽ വിട്ടുകൊടുത്തിരിക്കുന്നു.

ഇനി നമുക്ക് നമ്മുടെ മലബാറിലെ സ്ഥിതിയെപ്പറ്റി അല്പം ചിന്തിച്ചുനോക്കാം. അവിടെ ഫിഷറി സ്റ്റേഷനുകൾ സ്ഥാപിച്ചുകൊടുത്തിട്ടുണ്ട്. മീനെണ്ണ എടുക്കാനും മാറുള്ള യന്ത്രങ്ങൾ സ്ഥാപിക്കുവാനും, മത്സ്യവളങ്ങൾ ഉണ്ടാക്കുവാനും, മത്സ്യല്പന്നങ്ങൾ കയറ്റി അയക്കുവാനും, അവിടത്തെ അരയന്മാരെ ആത്മാ പരിശീലിപ്പിച്ചുവരുന്നു ബഹുമാനപ്പെട്ട മദ്രാസ് ഗവർമ്മെണ്ടു് അങ്ങനെ. (Sir Frederick Nicholson) സർ ഫ്രെഡറിക്ക് നിക്കൽസൺ ഈ വിഷയത്തിൽ നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗങ്ങളും ചെയ്തുകൊടുത്തിട്ടുള്ള സഹായങ്ങളും അനന്യങ്ങളാകുന്നു. ബഹുമാനപ്പെട്ട ഗവർമ്മെണ്ടിന്റെ സാരതരമായ ഈ താങ്ങൽകൊണ്ട് അവിടത്തെ മത്സ്യവ്യാപാരികളിൽ പലരും വലിയവലിയ സമ്പന്നന്മാരായിരിക്കുന്നു. കഴിഞ്ഞ ജനുവരി മുടക്കത്തിനു് ഞാൻ കണ്ണൂരിലും മറ്റും പോയിരുന്നു. അവിടെ എന്റെ കൂടെ ഫിഷറി ഡിപ്പാർട്ടുമെണ്ടിന്റെ സഹായത്തോടുകൂടി പ്രാപിച്ചിരിക്കുന്ന അഭിവൃദ്ധിയും നിലയും അത്ഭുതകരമാകുന്നു. എന്റെ സ്നേഹിതന്മാർ അതിൽ കെട്ടുള്ള മാളികകളിൽ താമസിക്കുന്നു. അവക്ക് നോക്കുന്ന ദിക്കിലൊക്കെ പരിജനങ്ങൾ; വാഹനങ്ങൾ; അഹോ! ഒരു ഗവർമ്മെണ്ടു് അല്പം മനസ്സുകാട്ടുന്നു കാണിച്ചാൽ തൊഴിലാളികൾക്ക് എങ്ങനെയെല്ലാം ഉയർന്നുപോകാം. ഇക്കഴിഞ്ഞകൊല്ലം മദ്രാസ് ഗവർമ്മെണ്ടു് ഫിഷറി ഡിപ്പാർട്ടുമെണ്ടിലേക്ക് ചിലവിട്ടിട്ടുള്ള ഉറുപ്പികയുടെ തുക 40,000 ആയിരുന്നപ്പോൾ, എന്നാൽ അവിടെ മീൻപിടുത്തക്കാർക്ക് ഒരു പൈപോലും കരം മുടത്തീട്ടില്ലെന്നുള്ളതും ഇവിടെ പ്രത്യേകം പ്രസ്താവിക്കാണ്ടു്.

സർ, ഇവിടെ കരം പിരിക്കുന്നതുകൊണ്ടു് വാലന്മാർക്ക് സങ്കടമില്ല, അതിന്റെ ഉദ്ദേശം മനസ്സിലാക്കാതെ ഗവർമ്മെണ്ടു് കൊല്ലംതോറും കരം പിരിക്കാനെന്നുമാത്രംവെച്ചാൽ വളരെക്കാലത്തെ അനുഭവംമാത്രം എടുക്കുന്ന വൃക്ഷത്തെപ്പോലെ ഈ ഉപാധിയും തീരെ ഉണങ്ങിപ്പോകും. 86-ൽ ഡിപ്പാർട്ടുമെണ്ടു് സ്ഥാപിക്കുമ്പോൾ ഗവർമ്മെണ്ടു് ഞങ്ങളെ മനസ്സിലാക്കിയിരുന്നതുണ്ടോയെന്നു്:—"This department is to be established for the purpose of improving the unfortunate lot of the fisher-folk of Cochin, of obtaining larger quantities of fish for the consumption of the subjects of the State and not with the object of deriving some means for increasing the revenues of the State." കഴിഞ്ഞ മകരം സെഷ്യനിൽ 216-ാംനമ്പായി ഞാൻ ചോദിച്ചിരുന്ന ചോദ്യവും അതിനു് ബഹുമാനപ്പെട്ട ദിവാൻപെഷ്കർ അവർകൾ പറഞ്ഞിരുന്ന മറുപടിയും ഇവിടെ ഉച്ചരിക്കുന്നു സന്ദർഭത്തിനു് വളരെ അനുരൂപമാണെന്നു് വിശ്വസിക്കുന്നു. "ബ്രിട്ടീഷു് മലബാറിലെയും തിരുവിതാംകൂറിലേയും മത്സ്യബന്ധനക്കാർക്ക് അവിടത്തെ ഗവർമ്മെണ്ടു് നിരന്തരം ചെയ്തുകൊടുക്കുന്ന സഹായങ്ങളെപ്പോലെ ഇവിടത്തെ അരയന്മാർ, വാലന്മാർ മുതലായവർക്കാക്ക് മത്സ്യബന്ധനരീതിയേയും മത്സ്യക്കച്ചവടങ്ങളേയും പരിഷ്കരിച്ചു് അവരവരുടേയും സംസ്ഥാനത്തിന്റേയും സ്ഥിതിയെ ഉൽക്കർഷിപ്പിക്കുവാൻ ഗവർമ്മെണ്ടിൽനിന്നു് എന്തെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യിട്ടുണ്ട്'' എന്നാണ് എന്റെ ചോദ്യം. അതിനു മറുപടി, ''മത്സ്യവ്യവസായത്തെ പരിഷ്കരിക്കുന്നതിൽ ഗവൺമേണ്ടിന്റെ നയം ടി വ്യവസായത്തിൽപെട്ടവർക്ക് ന്യായമായ സഹായങ്ങൾ അവർ ആവശ്യപ്പെട്ടാൽ ചെയ്തുകൊടുക്കുകയെന്നാകുന്നു. ഗവൺമേണ്ടു സഹായം ഏതെല്ലാംതരത്തിൽ വേണ്ടതാണെന്നു മനസ്സിലാക്കാണിച്ചു യാതൊരപേക്ഷകളും അടുത്തകാലങ്ങളിൽ കിട്ടുകയുണ്ടായിട്ടില്ല എന്നാണ്.

എന്നാൽ ബഹുമാനപ്പെട്ടവനു മെംബർ അവർകളുടെ ഈ മറുപടി തൃപ്തികരമായിട്ടില്ലെന്നു പറയേണ്ടിവന്നതിൽ എനിക്കു സങ്കോചമുണ്ട്.

ബഹുമാനപ്പെട്ടഗവൺമേണ്ടു വളരെക്കാലമായിട്ടും ഈ വ്യവസായത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി ഒന്നംതരണ പ്രവർത്തിക്കാതിരിക്കുന്നതു കണ്ടു നിരാശപ്പെട്ട വാലന്മാർ ഒടുവിൽ തങ്ങൾതന്നെ ഈ വ്യവസായത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി വല്ലതും ചെയ്യാമെന്നു വിചാരിക്കയും അതിന്റെ ഫലമായി തൽസ്ഥലത്തെ ഹിന്ദുക്കളും അല്ലാത്തവരുമായ ചില ക്രിസ്ത്യാനികളുടെ സഹായത്തോടുകൂടി West Coasts Fisheries and Industrial Co., Ltd. എന്ന നാമധേയത്തിൽ ഒരു കമ്പനി പ്ലോട്ടുചെയ്കയും തൽസ്വരൂപം ശേഖരിച്ചും തൊണ്ടു ചീച്ചും അല്പാല്പം കച്ചവടത്തിൽ പ്രവേശിക്കയും ചെയ്തു. ഈ കമ്പനിക്കു ഓഹീരി ചേർന്നിട്ടുള്ളവരിൽ അധികപക്ഷവും ദരിദ്രന്മാരാകയാൽ ഒന്നും രണ്ടും തവണ ഓഹരികൾ അടച്ചു, പിന്നെ ഓഹരികളും മുടക്കി, ഈ നിലയിൽ അങ്ങനെ നില്ക്കുകയാകുന്നു ചെയ്യുന്നതു. ഈ കമ്പനിക്ക് എന്തെങ്കിലും സഹായം ചെയ്യണമെന്നു ഗവൺമേണ്ടിനോടു പലതവണയും മുഖദാവിലും രേഖാമൂലവും അപേക്ഷകൾ ബോധിപ്പിച്ചിട്ടുണ്ട്. കമ്പനി 10,000 ക. ഗവൺമേണ്ടിനോടു കടം ചോദിച്ചു. അഞ്ഞൂറോളം തെങ്ങു നിൽപ്പുള്ള മൂന്നാലു വളപ്പുകളും കമ്പനിയുടെ പേരിൽ ഇപ്പോഴുള്ള വ്യാപാരസംഖ്യയും ഈടുകൊടുക്കാമെന്നും ഗവൺമേണ്ടിനെ ബോധിപ്പിച്ചു. എന്നാൽ ഈടു പോരാത്തതിനാൽ സംഖ്യ അനുവദിക്കുന്നതല്ല എന്നായിരുന്നു ഗവൺമേണ്ടിന്റെ അവസാനത്തെ മുപടി. ഒരു കൊല്ലം പള്ളിപ്പുറത്തെ ''പൊഴി'' ഒരു കൺട്രാക്ടർ നിലയിൽ മത്സ്യബന്ധനത്തിനു ടി കമ്പനിയെ ഏല്പിച്ചുകൊടുക്കുവാൻ അപേക്ഷിച്ചതിൽ ഗവൺമേണ്ടു അങ്ങിനെ ചെയ്തില്ല. കമ്പനിക്കു കുറെ പുറമ്പോക്കു സ്ഥലങ്ങൾ പതിച്ചുകൊടുക്കുവാൻ അപേക്ഷ ബോധിപ്പിച്ചതിൽ, മറ്റുള്ളവർക്ക് (ഞങ്ങളുടെ അറിവിൽപെട്ടേടത്തോളം) ഏക്കറിനു 30 ക. ആയി പതിച്ചുകൊടുത്തിരുന്ന സ്ഥലം ഞങ്ങൾക്കു വേണമെങ്കിൽ 60 ക. കെട്ടിയാൽ പതിച്ചു തരാമെന്നാണു ഉത്തരവായിരുന്നതു.

സർ, പ്രസ്തുത കമ്പനി ഈ സംസ്ഥാനത്തിലെ ജാതിമതഭേദം നോക്കാതെ മത്സ്യബന്ധനക്കാരുടെ എല്ലാവരുടേയും ഗുണത്തിനുവേണ്ടി സ്ഥാപിച്ചു നടത്തിവരുന്നതാകുന്നു. അതിനു ഗവൺമേണ്ടു ഈടുനോക്കാതെ ധനം കടംകൊടുക്കേണ്ടതാകുന്നു. കയർ ഫാക്ടറിക്കുംമറും വിനിയോഗിക്കുവാൻ വച്ചിരുന്നതും, ഇപ്പോൾ ഉദാസീനവുമായിരിക്കുന്ന സംഖ്യ ഈ കമ്പനിയുടെ നടത്തിപ്പിനുവേണ്ടി സദയം കൊടുക്കുന്നതായാൽ ആ ദാനം ഇതേവരെ ഈ തൊഴിലിനോടും തൊഴിലാളികളോടും ചെയ്തിട്ടുള്ള വലിയ അപരാധത്തിനു ഒരു പരിഹാരമായിരിക്കുന്നതാണെന്നു ഞാൻ വിനയപൂർവ്വം ബോധിപ്പിക്കുന്നു.

സർ, നമ്മുടെ തൊഴിലാളികളുടെ ആദായത്തെ മുഴുവനും വിദേശികളാണല്ലോ തട്ടിക്കൊണ്ടുപോകുന്നതു. ഈ കമ്പനിയെ ഗവൺമേണ്ടിൽനിന്നും കൂടി ശ്രദ്ധവച്ചു സഹായിക്കുന്ന പക്ഷം ഗവൺമേണ്ടിനു കൂടുതൽ ആദായവും തൊഴിലാളികൾക്കു കൂടുതൽ ക്ഷേമവും ഉണ്ടാകുന്നതാണു.

LIBRARY ARCHIVES Kerala Legislative Assembly

ഈ സാമാന്യ വിമർശനത്തിൽ ഗവർമ്മേണ്ടിനുള്ള മുമതലകളേയും ഞാൻ സാദരം സ്മരിപ്പിച്ചുകൊള്ളട്ടെ. മത്സ്യബന്ധനക്കാരുടെ ഇന്നത്തെ ദയനീയമായ സ്ഥിതികളെ ഓർത്തുചെയ്ത എന്റെ പ്രതിപാദനരീതി കുറെ പരുഷമായിപ്പോയിട്ടുണ്ടെങ്കിൽ ഞാൻ വ്യസനിക്കുന്നു. എന്നാൽ എന്റെ ഈ പ്രതിപാദനം വല്ലവിധത്തിലും ഗവർമ്മേണ്ടിനെ കുറെ കുറച്ചുപ്പെടുത്താമെന്നുള്ള ഒരു വിചാരത്തോടുകൂടി അല്ല. എന്നാൽ ഇത്തൊഴിലാളികൾക്കും തൊഴിലിനും കുറെ ഉൽക്കർഷം സിദ്ധിക്കേണമെന്നുള്ള ഏക ഉദ്ദേശത്തോടുകൂടി മാത്രമാകുന്നു.

അവസാനമായി രാജ്യത്തിലെ ഒരു വലിയ പക്ഷം ജനങ്ങളുടെ ആഹാരത്തിനും, സംസ്ഥാനത്തിലെ കൃഷികളുടെ ഉയർച്ചയ്ക്കും, ഗവർമ്മേണ്ടിന്റെ സാരതരമായ മുതലെടുപ്പിനും, സൂക്ഷിച്ചു ദീർഘദർശനം ചെയ്യുന്നപക്ഷം, ഒരു കാലത്തും കൊച്ചിയിലെ ഭൂരിപക്ഷം ജനങ്ങളും ആശ്രയിക്കേണ്ടിവരുന്നതുമായ മത്സ്യോല്പന്നങ്ങളുടേയും തദ്വ്യവസായങ്ങളുടേയും അഭിവൃദ്ധിയിൽ ലക്ഷ്യമാനപ്പെട്ട ഗവർമ്മേണ്ടിന്റെ കൂടുതൽ ശ്രദ്ധയെ സാദരം ക്ഷണിച്ചുകൊണ്ട് ഞാൻ ഈ വിമർശനത്തെ ഇവിടെ ഉപസംഹരിച്ചുകൊള്ളുന്നു.

മിസ്റ്റർ പി. കുഞ്ഞുമുഹമ്മദ്.—സർ, നാനാമുഖങ്ങളായ അഭിവൃദ്ധിയോടുകൂടി ക്രമാഗതമായി ഉയർന്നവരുന്ന കൊച്ചിരാജ്യത്തിലെ വരുംകൊല്ലത്തെ ആയവ്യയക്കണക്കിനെ വിമർശനം ചെയ്യുന്നതിനു് എനിക്കു് സന്ദർഭം ലഭിച്ചതിൽ ഞാൻ വളരെ സന്തോഷിക്കുന്നു.

വളരെ കാലമായി കൊച്ചിരാജ്യത്തിൽ ഉൾപ്പെട്ടിരിക്കുന്ന കൊടുങ്ങല്ലൂർ രാജ്യത്തിന്റെ ബഡ്ഡറ്റു് പൊതുജനങ്ങളുടെ അറിവിനായി പ്രസിദ്ധപ്പെടുത്താതിരുന്ന കുറവിനെ പരിഹരിക്കാൻ ഈ കൌൺസിലിന്റെ ആവിർഭാവത്തോടുകൂടി ഒരവസരം ലഭിക്കയും ഈ കൌൺസിലിൽ ഇക്കൊല്ലം അതു് സമർപ്പിക്കയും ചെയ്തതിൽ ഞാൻ ഗവർമ്മേണ്ടിനെ അഭിനന്ദിക്കുന്നു.

ഭരണപരിഷ്കാരത്തെക്കുറിച്ചു് പല മെമ്പർമാരും വളരെ യുക്തിവാദം ഇവിടെ നടത്തിക്കഴിഞ്ഞതുകൊണ്ടും അവ എല്ലാംതന്നെ ആയവ്യയക്കണക്കിനേക്കുറിച്ചുള്ള വിമർശനം അല്ല എങ്കിലും ഞാൻ ആ വിഷയത്തെ സംബന്ധിച്ചു വലിയ വിമർശനങ്ങൾക്കൊന്നിനും തുനിയുന്നില്ല.

കൊച്ചിരാജ്യത്തിലെ യഥാർത്ഥപ്രവർത്തകന്മാരായിരിക്കുന്നവരുടെ—ചില്ലറ ശമ്പളവും വാങ്ങിച്ചുകൊണ്ടു് വളരെ ജോലി ചെയ്യുന്നവരുടെ—സ്ഥിതിയേക്കുറിച്ചാണു് എനിക്കു പ്രധാനമായി ഇവിടെ പറയാനുള്ളതു്. അവരാണു് പരമാർത്ഥത്തിൽ വലിയ ശമ്പളക്കാരേക്കാളും ജോലിചെയ്യുന്നതും കഷ്ടപ്പെടുന്നതും. വലിയ ഉദ്യോഗസ്ഥന്മാർ, അവരുടെ ബുദ്ധിവൈഭവംകൊണ്ടു് ഇക്കൂട്ടരോടു് ആജ്ഞാപിച്ചു് പ്രവൃത്തിയെടുപ്പിക്കുന്നതുകൊണ്ടേപ്പോലെ പ്രവർത്തിപ്പിക്കുകയാണു്. അവരാണു് പല കഷ്ടതകളും സഹിക്കുന്നതു്. അവരുടെ ശമ്പളക്കാര്യത്തെപ്പറ്റി പല മെമ്പർമാരും ഇവിടെ പറഞ്ഞുകഴിഞ്ഞിട്ടുണ്ടു്. എങ്കിലും ഗവർമ്മേണ്ടിന്റെ ശ്രദ്ധ ഒന്നുകൂടി ക്ഷണിച്ചുകൊണ്ടു് ഞാൻ ഈ വിഷയത്തിൽനിന്നും വിരമിക്കുന്നു.

അടുത്തതായി എക്സൈസ്സു് ഡിപ്പാർട്ടുമേണ്ടു് എടുക്കാം. വരുംകൊല്ലത്തിൽ രണ്ടിൽ ചിലപ്പോൾ നിശ്ചയം ലക്ഷം രൂപ പുകയിലയുടെ ലൈസൻസു് വകയിൽ ഗവർമ്മേണ്ടിനു് ലഭിക്കുമെന്നു് കണക്കുകൊണ്ടു് കാണുന്നുണ്ടു്. ഇതു് ഒരു ആദായംതന്നെയാണെങ്കിലും ഈരാജ്യത്തിലെ ഒരു വലിയതുക അന്യരാജ്യങ്ങളിലേക്കു്, അതായതു് തമിഴ്നാടുകളിലേയ്ക്കു്, പോകുന്നുവെന്നതു് വ്യസനിക്കത്തക്ക സംഗതിയാണു്. അതിനാൽ പുകയിലകൃഷിയുടെ കായ്ത്തിൽ കൃഷിഡിപ്പാർട്ടുമേണ്ടിന്റെ ദൃഷ്ടി പതിഞ്ഞുകാണാൻ ആഗ്രഹിക്കുന്നു. പുകയിലകൃഷിക്കു് ഇവിടെ ചില സൌകര്യങ്ങൾ ചെയ്യാൻ ഗവർമ്മേണ്ടിനു് ഉത്സാഹമുണ്ടെന്നു് ഞാൻ അറിഞ്ഞിട്ടുണ്ടു്. ആ വിഷയത്തിൽ കൃഷിഡിപ്പാർട്ടുമേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ന്റെ ശ്രദ്ധ ഇതുവരെ ഉണ്ടായിട്ടുണ്ടെന്നു് പറയാൻ നിവൃത്തിയില്ല. ശരിയായി പരിശ്രമിക്കുന്നതായാൽ ഇതു് രാജ്യത്തിലെ ഒരു നല്ല കൃഷിയായിത്തീരാനും തൻനിമിത്തം, ഇപ്പോൾ തമിഴ് ദേശങ്ങളിലേയ്ക്കു് ഇവിടെനിന്നും പൊയ്ക്കൊണ്ടിരിക്കുന്ന പണിയാളരുടെ രാജ്യത്തിൽ ലാഭിക്കാനും സംഗതിയാകുന്നതാണു്.

രണ്ടാമതായി ഈ ഡിപ്പാർട്ടുമെണ്ടിൽപെട്ട കുള്ളിനേപ്പറ്റി കൂടി രണ്ടു വാക്കു് പറയാമെന്നു് വിചാരിക്കുന്നു. കുള്ളു് ഗവർമ്മേണ്ടിനു് ആറു ലക്ഷത്തോളം രൂപാ ആദായം ഉണ്ടാക്കിക്കൊടുക്കുന്നുവെന്നാണു് കണക്കുകൊണ്ടു് കാണുന്നതു്. ഈ വരവു് ജനങ്ങൾ കുള്ളു കുടിക്കുന്നതിൽനിന്നും ഉള്ളതാണു്. അതു് കുടിക്കുന്നതിനതന്നെ വളരെ ബുദ്ധിമുട്ടുണ്ടു്.

മിസ്റ്റർ എസു്. എസു്. കോഡർ.—ബുദ്ധിമുട്ടൊന്നും ഇല്ല. അവർക്കു് സന്തോഷമേ ഉള്ളു.

മിസ്റ്റർ പി. കുഞ്ഞുമുഹമ്മദു്.—വാസ്തവത്തിൽ വലിയ ബുദ്ധിമുട്ടതന്നെയാണു്. ചിലർ മുഖം അടച്ചുപിടിച്ചുംകൊണ്ടാണു് കുടിക്കുന്നതു് (*Laughter*). പക്ഷെ, പരിശീലനംകൊണ്ടു് ആ ബുദ്ധിമുട്ടു് ഇല്ലാതാകും എന്നേ ഉള്ളു.

ഈ കുള്ളുകുടി ഏർപ്പാടു് രാജ്യക്ഷേമത്തെയും അഭിവൃദ്ധിയേയും, സദാചാരനിഷ്ഠയേയും ബലമായി നശിപ്പിക്കുന്നുണ്ടു്. അതിനാൽ ഗവർമ്മേണ്ടു് പ്രത്യേകം ശ്രദ്ധിക്കാതിരിക്കാൻ നിവൃത്തിയില്ലാത്ത ഒരു കാര്യമാണിതു്. കുള്ളുകുടികൊണ്ടു് നൂറുലക്ഷമോ, പത്തുലക്ഷമോ വരവുണ്ടായാലും അതിനെയും അതിലധികവും ഇതുകുള്ളുകുടിക്കാരെ ഒരിക്കുന്നതിനും ചികത്സിക്കുന്നതിനും ചിലവു ചെയ്യേണ്ടിവരുമെന്ന കാര്യം ഗവർമ്മേണ്ടു് മറന്നുകളയുന്നു (*Hear, Hear*). അതിനാൽ ഇക്കാര്യത്തിൽ ഒരു ക്ലിപ്തം വച്ചു് ഷാപ്പുകളെ കുറയ്ക്കുകയോ അതിന്റെ വില്പനയെ നിയന്ത്രിയ്ക്കയോ ചെയ്യേണ്ടതു് അത്യാവശ്യമാകുന്നു.

പ്രസിഡെണ്ടു്.—തീരെ നിർത്തൽ ചെയ്യണമെന്നില്ലേ?

മിസ്റ്റർ പി. കുഞ്ഞുമുഹമ്മദു്.—നിശ്ചയമായും അങ്ങനെതന്നെ വേണ്ടതാണു്. പക്ഷെ, അതു് ഇപ്പോൾ ഇവിടെ പറഞ്ഞാൽ സാധിക്കയില്ലെന്നുള്ളതുകൊണ്ടാണു് (*Laughter*) കുറയ്ക്കണമെന്നു് അഭിപ്രായപ്പെട്ടതു്.

വനംഡിപ്പാർട്ടുമേണ്ടു്.—ഈ ഡിപ്പാർട്ടുമേണ്ടിൽ ടാറിന്റെ മൂലം വളരെ പണം ചിലവു് ചെയ്യേണ്ടിവരുന്നുണ്ടു്. കഴിഞ്ഞകൊല്ലത്തിൽ തന്നെ ഇതിനെ നിർത്തൽചെയ്യേണ്ടതിനെ സംബന്ധിച്ചു് പല മെമ്പർമാരും ശക്തിയായി പ്രതിവാദിച്ചിട്ടുണ്ടു്. ഇക്കൊല്ലത്തിലെ ബഡ്ജറ്റിലും അതിലേയ്ക്കു് ഒരു വലിയ തുക നീക്കിവെച്ചിട്ടുള്ളതായി കാണുന്നു. അതു് ആശാസ്യമല്ല. ഇക്കാര്യത്തിൽ ഗവർമ്മേണ്ടു് ഒന്നുകൂടി ശ്രദ്ധവയ്ക്കണമെന്നു് ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

വ്യവസായം.—രാജ്യത്തിലെ കൈത്തൊഴിലും വ്യവസായങ്ങളും അഭിവൃദ്ധിപ്പെടുത്താൻ ഗവർമ്മേണ്ടു് വളരെ ഉത്സാഹിക്കേണ്ടതാണു്. ഈ വിഷയത്തിൽ ഇപ്പോൾ ഇവിടെ ഉള്ളതു് 'ടാനറി' എന്നും 'പോട്ടറി' എന്നും രണ്ടു് സ്ഥാപനങ്ങളാണു്. ഇവ രണ്ടിന്റെയും ഇപ്പോഴത്തെ സ്ഥിതി വളരെ ദയനീയം ആകുന്നു. ജനങ്ങൾക്കു് വ്യവസായത്തിലും, കൈത്തൊഴിലിലും അഭിരുചി ഉണ്ടാകണമെങ്കിൽ ഗവർമ്മേണ്ടുകൂടി അതിൽ ഏർപ്പെടേണ്ടതാണു്. എന്നാൽ ജനങ്ങൾക്കു് അതിൽ ഉത്സാഹവും കൂടും. അതിനു് ചില ദൃഷ്ടാന്തങ്ങൾ പറയാനുമുണ്ടു്. ടാറാകമ്പനിയിൽ ഗവർമ്മേണ്ടു് ഷയർ വില്ക്കാൻ തീരുമാനിച്ചപ്പോൾ ജനങ്ങളും അതിൽ ഓഹരി എടുക്കുന്നതിനു് ഉൽസാഹിച്ചു തുടങ്ങി. ടാനറിയിൽ ഗവർമ്മേണ്ടു് വലിയ ഷയർ എടുത്തപ്പോൾ ജനങ്ങളും അവസ്ഥാനുസരണം ഷയറുകൾ എടുത്തു. ഗവർമ്മേണ്ടു് പിൻവലി

LIBRARY ARCHIVES Kerala Legislative Assembly

യാൻ തുടങ്ങിയപ്പോൾ ജനങ്ങളും പിൻവലിയാൻ ആരംഭിച്ചു. ടാറാ കമ്പനിയിൽ വില്ക്കാനുള്ള ഷയറിൽ അധികം അപേക്ഷകർ വന്നതുകൊണ്ട് വളരെ ആളുകൾ അവരവരുടെ ഓഹരികൾക്കുള്ള പണം ബജാനയിൽ നിന്ന് മടക്കിവാങ്ങിക്കുവാൻ നിർബ്ബന്ധരായി. അങ്ങനെ മടക്കിവാങ്ങിച്ചുവർ വളരെ ഭാഗ്യവാന്മാരാണെന്ന് പറവാൻ എനിക്ക് ഇപ്പോൾ വളരെ സന്തോഷമുണ്ട്. ടാനറിയിൽ ഗവർമ്മേണ്ടിനെ കണ്ട് ഓഹരി എടുത്തു ജനങ്ങളുടെ നിർഭാഗ്യാവസ്ഥയെപ്പറ്റി പറയേണ്ടിവന്നതിൽ വ്യസനിക്കുന്നു. ഈ രണ്ടവസ്ഥാപനങ്ങളും നിർത്തിക്കളയുന്നതു വലിയ നഷ്ടത്തിനും വ്യവസായ വിഷയത്തിൽ പൊതുവെ അവിശ്വാസത്തിനും ഇടയാക്കുന്നതാണ്. അതിനാൽ ആരംഭത്തിൽ സ്വല്പം നഷ്ടം സഹിക്കേണ്ടിവന്നാലും അതു ഗവർമ്മേണ്ടിൽനിന്നും തുടർന്നു നടത്തിക്കൊണ്ടു പോകണമെന്നാണ് എന്റെ താഴ്മയായ അഭിപ്രായം.

പ്രസിഡെണ്ട്.—ഗവർമ്മേണ്ടു നടത്തണമെന്നാണൊ പറയുന്നതു? എന്നാൽ പണം വളരെ ചിലവാകുമല്ലൊ?

മിസ്റ്റർ പി. കുഞ്ഞുമുഹമ്മദ്.—പക്ഷെ പണം വൃഥാ പോകാൻ പാടില്ല. വല്ല കമ്പനിക്കാക്കൊ, ജന്മികൾക്കൊ പണം കൊടുത്തു അവരെക്കൊണ്ടു നടത്തിക്കണം.

പ്രസിഡെണ്ട്.—മൈസൂരിൽ ടാനറി നടത്തുന്ന ഒരു കമ്പനിയുണ്ട്. അവരോടുപോദിച്ചതിൽ അവർക്ക് അവിടത്തന്നെ നഷ്ടമാണെന്നും അതുകൊണ്ടു വിടാൻ ആലോചിക്കയാണെന്നും അതിനാൽ ഇതു എടുക്കാൻ തരമില്ലെന്നുമാണ് പറഞ്ഞതു.

മിസ്റ്റർ പി. കുഞ്ഞുമുഹമ്മദ്.— കഴിയുന്നിടത്തൊളം വേഗം നടത്താൻ ഗവർമ്മേണ്ടു ഉൽസാഹിക്കണം. മൈസൂരിൽ നിന്നും ഒരു കമ്പനിക്കാർ ടാനറി നടത്താമെന്ന് ഗവർമ്മേണ്ടിനെ അറിയിച്ചതായി ഞാൻ കേട്ടിട്ടുണ്ട്.

പ്രസിഡെണ്ട്.—വേഗം നടത്തണമെന്നുപറയാം.നടക്കുന്ന കാര്യമല്ല. നടത്തണമെന്നുണ്ടെങ്കിൽ തന്നെ വളരെ ആലോചിച്ചും മറ്റും സാവധാനത്തിലേ സാധിക്കുകയുള്ളു. സർക്കാരിൽനിന്നും നടത്തുന്നതു അത്ര എളുപ്പമായി വരികയില്ല. ജനങ്ങൾ തന്നെ അതിലേക്ക് ഉൽസാഹിക്കേണ്ടിയിരിക്കുന്നു. ജനങ്ങൾ ആയാൽ പലരും കൂടി ഒരുമാതിരി നടത്താം.

മിസ്റ്റർ പി. കുഞ്ഞുമുഹമ്മദ്.—വൈദഗ്ധ്യക്കുറവു—ഈ വിഷയത്തിൽ ചിലവു മുരുക്കണമെങ്കിൽ ഗവർമ്മേണ്ടും ജനങ്ങളും രണ്ടു സംഗതികളിൽ ശ്രദ്ധിക്കേണ്ടതുണ്ടെന്നാണ് എന്റെ വിനീതമായ അഭിപ്രായം. ഒന്നാമതു ഗവർമ്മേണ്ടു ശുചീകരണത്തിൽ പ്രത്യേകം ശ്രദ്ധ പതിക്കുന്നതോടുകൂടിത്തന്നെ ആയ്വൈദ്യത്തിനു പ്രാബല്യം നല്കണം. (*Hear, Hear.*)

പ്രസിഡെണ്ട്.—പ്രാബല്യം ഉണ്ടാകണമെങ്കിൽ മരുന്നു ചിലവാകണം. അതിനു ജനങ്ങൾതന്നെ ഉത്സാഹിക്കാതിരിക്കാൻ തരമില്ല. ഇതിനേപ്പറ്റി റസലൂഷൻ വന്നപ്പോൾ നാം ഇതൊക്കെ പറഞ്ഞുകഴിഞ്ഞില്ലെ?

മിസ്റ്റർ പി. കുഞ്ഞുമുഹമ്മദ്.—ഇങ്ങനേയുള്ള ഒരു സന്ദർഭത്തിൽ അല്പം രേഖപ്പെടുത്തിയാൽ ജനങ്ങൾ നല്ലവണ്ണം ഗ്രഹിക്കാൻ ഇടയുള്ളതുകൊണ്ടാണ് ഞാൻ അതിനേപ്പറ്റി ഇപ്പോൾ പറയുന്നതു.

പ്രസിഡെണ്ട്.—അതിന്റെ പ്രചാരത്തിലേയ്ക്കായി നിങ്ങൾ താലൂക്കതോറും മീറ്റിംഗ് കൂടി പ്രസംഗങ്ങൾ ചെയ്ത് ജനങ്ങളുടെ ഇടയിൽ അറിവുണ്ടാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുഞ്ഞുമുഹമ്മദ്.—റെയിൽവേ.—ഇതിനെ സംബന്ധിച്ചും അല്പം പറയാമെന്നു വിചാരിക്കുന്നു. ട്രെയിനിലെ മൂന്നാംക്ലാസ്സു കംപാർട്ടുമെന്റ് (Compartment) മലമൂത്ര വിസർജ്ജനം ആവശ്യമില്ലാത്ത ചിലക്കു നിർമ്മിച്ചിരിക്കയാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. (*Laughter.*) വാസ്തവത്തിൽ മലമൂത്രവിസർജ്ജനത്തിനു മൂന്നാംക്ലാസ്സിൽ കയറുന്നവരും ആവശ്യക്കാരാണു്. മറ്റു റെയിൽവേകളിൽ അവരെയും അക്കൂട്ടത്തിൽ പെടുത്തീട്ടുണ്ടു്.

പ്രസിഡെന്റ്.—നമ്മുടെ വണ്ടിയിൽ മൂന്നാംക്ലാസ്സിൽ ക്ലോസറ്റ് ഇല്ലേ?

മിസ്റ്റർ പി. കുഞ്ഞുമുഹമ്മദ്.—ഇല്ല. അവർക്കു മലമൂത്രവിസർജ്ജനം ആവശ്യമില്ലെന്നാണു് വച്ചിരിക്കുന്നതു് (*Laughter.*)

ഡാക്ടർ എ. ജി. മേനോൻ.—മൂന്നാംക്ലാസ്സിൽ സ്ത്രീകൾക്കു ക്ലോസറ്റ് ഉണ്ടു്.

മിസ്റ്റർ പി. കുഞ്ഞുമുഹമ്മദ്.—നമ്മുടെ വണ്ടിയിൽ കയറുന്ന സ്ത്രീകൾക്കു മാത്രമേ മലമൂത്രവിസർജ്ജനാവശ്യം ഉണ്ടാകയുള്ളുവെന്നായിരിക്കാം ഗവർമ്മെന്റു് ഉദ്ദേശിക്കുന്നതു്. (*Laughter.*)

പ്രസിഡെന്റ്.—വേറെ റെയിൽവേകളിൽ ഈ ഏർപ്പാടു ചെയ്തിട്ടുണ്ടോ?

മിസ്റ്റർ പി. കുഞ്ഞുമുഹമ്മദ്.—ബ്രിട്ടീഷു റെയിൽവേകളിൽ നിശ്ചയമായും മൂന്നാംക്ലാസുകാർക്കും ഈ ഏർപ്പാടുണ്ടു്. അതിനാൽ അക്കാര്യത്തിൽ ഗവർമ്മെന്റിന്റെ ഗാഢമായ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു. റെയിൽവേ നമ്മുടെ ഗവർമ്മെന്റിലേയ്ക്കു നല്ല ആദായമുള്ള ഒന്നാണു്. വളരെ പണം കിട്ടുന്നതും ആദായം ഉണ്ടാകുന്നതും ഈ മൂന്നാംക്ലാസ്സുകാരിൽനിന്നുമാകുന്നു. അക്കൂട്ടർക്കു് ഈ വക സൌകര്യങ്ങളൊന്നും വേണ്ടെന്നുവച്ചതു് കൊടും സാഹസംതന്നെയാണു്.

വിദ്യാഭ്യാസം.—ഇതിനെ സംബന്ധിച്ചു് എനിക്കു് കായ്മായ ചില സംഗതികളും ഉൽബോധിപ്പിക്കാനുണ്ടെങ്കിലും സമയം അതിക്രമിച്ചുപോയതിനാൽ മറ്റൊരവസരത്തിൽ മിവാൻജിയോടു് നേരിട്ടു് ബോധിപ്പിക്കാമെന്നു കരുതുന്നു.

സമയം അധികരിച്ചു. എന്നാലും ചില മാന്യ മെമ്പർമാർ സംസാരിച്ച ചില കായ്യങ്ങളെ എടുത്തുപറയാതെ ഈ പ്രസംഗം അവസാനിപ്പിക്കാൻ തരമില്ല.

The House rose for lunch at this stage, the clock having struck two. An hour after, the sitting was resumed.

President.—Before we proceed with the General Discussion, I wish to point out that we have only two hours at our disposal. We have to bring the sitting to a close at 5 p. m., and I do not know whether there are many non-official members who wish to speak. Many points have been raised in the discussion by the non-official members, to which the official members, I am sure, will be in a position to reply; but, at the same time, I wish

LIBRARY ARCHIVES Kerala Legislative Assembly

to know whether any non-official member would like to take dart in the General Discussion in the afternoon.

മിസ്റ്റർ പി. കുഞ്ഞുമുഹമ്മദ്.—മഹാരാജാവുതിരുമനസ്സിലേയ്ക്ക് പ്രായാധിക്യം ആഞ്ഞിപ്പോയതു കൊണ്ട കാര്യങ്ങൾ ശരിയായി നിർവഹിക്കാൻ ബുദ്ധിമുട്ടണ്ടാകുമെന്നു ഒരു മാന്യമെമ്പർ പ്രസ്ഥാപിച്ചതായി തോന്നുന്നു. എനിക്ക് ഇംഗ്ലീഷു് അറിഞ്ഞുകൂടാ. അദ്ദേഹത്തിന്റെ ഇംഗ്ലീഷു് പ്രസംഗത്തിൽ നിന്നും ഞാൻ ഗ്രഹിച്ചതാണ്. അതിൽ വല്ല തെറ്റും വന്നാൽ തന്നെയും എന്നോട്ട് പരിഭവം ഉണ്ടാകയില്ലെന്നു് വിശ്വസിക്കുന്നു.

പ്രസിഡണ്ട്.—ഇംഗ്ലീഷു് കുറെ അറിഞ്ഞുകൂടേ?

മിസ്റ്റർ പി. കുഞ്ഞുമുഹമ്മദ്.—കുറച്ചുറിയാം. ചിലതൊക്കെ ഇടയിൽ നിന്നു് മനസ്സിലാക്കുന്നതിനാലാണു് ഇതിനെക്കുറിച്ചു് സംസാരിക്കാൻ പോകുന്നതു്. (*Laughter.*)

ചെറുപ്പകാലത്തു് രാജഭരണത്തിൽ ഒരാൾക്കു് അധികാരം ലഭിക്കുന്നതായാൽ പലവിധത്തിലും ഉള്ള തകരാറുകൾക്കു് കാരണമായിത്തീരുമെന്നാണു് അനുഭവം കൊണ്ടു് കാണുന്നതു്. അതിനു് ഇൻഡ്യാർ മുതലായ രാജ്യങ്ങളിലെ കഥ നല്ല ദൃഷ്ടാന്തവും ആണു്.

പ്രസിഡണ്ട്.—മറ്റു രാജ്യങ്ങളിലെ കഥ ഇതിനു് ദൃഷ്ടാന്തമായി പറയേണ്ട ആവശ്യമില്ലാത്തതാണു്.

മിസ്റ്റർ പി. കുഞ്ഞുമുഹമ്മദ്.—ഈ അവസരത്തിൽ എനിക്കു് ഒരു അറബി പ്രവചനം ഓർമ്മ വരുന്നുണ്ടു്. (അറബി) അതായതു് ദീർഘദർശിയായി അവതരിക്കപ്പെട്ട ആൾ ആയാൽ പോലും കൂട്ടിക്കാലത്തെ ആ ചാപല്യങ്ങൾ ഉണ്ടാകുന്നതാണു്. ചെറുപ്പകാലത്തു് വലിയ സ്ഥാനം കിട്ടിയാൽ വലിയ പ്രസരിപ്പു് ഉള്ളതുകൊണ്ടു് ആലോചന കൂടാതെ പലതും പ്രവർത്തിക്കാനും ദോഷത്തിൽ കലാശിക്കാനും സംഗതി ആയേയ്ക്കും. പ്രായാധിക്യം ആകുമ്പോൾ നല്ലപാകതയും മാറ്റും വരുന്നതുകൊണ്ടു് അക്കാലത്തു് അവിവേകം ഒന്നും ഉണ്ടാകയില്ല. നമ്മുടെ മഹാരാജാക്കന്മാരിലും ഇതുവരെ പ്രായാധിക്യം വന്നിട്ടുള്ളവർ മുക്കും തന്നെയായിരുന്നു.

നമ്മുടെ രാജകുടുംബത്തിൽ സ്ഥാനത്യാഗം ചെയ്ത മഹാരാജാവുതിരുമനസ്സിലേയും ഇപ്പോഴത്തെ മഹാരാജാവുതിരുമനസ്സിലേയും ഷഷ്ടിപൂർത്തി ആഘോഷിക്കുന്നതിനുമാത്രമേ അടുത്ത കാലത്തു് ജനങ്ങൾക്കു് ഭാഗ്യമുണ്ടായിട്ടുള്ളൂ. ആ ഭാഗ്യം നമുക്കു് ലഭിച്ചതിൽ നാം എല്ലാവരും ദൈവത്തെ സ്തുതിക്കേണ്ടതാണു്.

വല്ല കാരണവശാലും തെറ്റുകൾ വരാൻ ഇടയുണ്ടെങ്കിൽ തന്നെ ഇപ്പോൾ വേണ്ട കാര്യങ്ങളിൽ ഉപദേശിക്കാൻ നാടുവാഴിസഭയും ഉണ്ടെല്ലോ (*Laughter*). അതുകൊണ്ടും സമാധാനത്തിനു് വഴി ഉണ്ടു്.

മറ്റൊരു മാന്യമെമ്പർ നമ്മുടെ രാജകുമാരന്മാർ (യുവരാജക്കന്മാർ) അമിതവ്യയം ചെയ്യുന്നുവെന്നു് പറഞ്ഞുകാണുന്നു. കൊച്ചി രാജ്യത്തിലെ സ്ഥിതി നന്നാകേണമെങ്കിൽ അവർ സമർത്ഥന്മാരായിരിക്കണം. അതുകൊണ്ടു് അവരുടെ അന്തസ്സും യശസ്സും സംരക്ഷിക്കപ്പെടാൻവേണ്ടി കുറേക്കൂടി വണം കൊ

LIBRARY ARCHIVES Kerala Legislative Assembly

ടുത്താൽ തരക്കേടില്ലെന്നാണ് എന്റെ അഭിപ്രായം. കൊച്ചി രാജ്യത്തിൽ 124 പുതിയ തസ്തികകൾ ഉണ്ടെന്നു കണക്കാക്കപ്പെട്ടിട്ടുണ്ട്. ആസ്ഥിതിക്കു ഇപ്പോഴത്തെ സംഖ്യ ഒട്ടും പോരാത്തതാണ്. അവർക്ക് അവരുടെ അന്തസ്സിനൊത്തവിധം ജീവിതം നയിപ്പാൻ വേണ്ടധനം കൊടുക്കണ്ടതു നമ്മുടെ കടമയാണ്. അവരിൽ പലർക്കും അവരുടെ അന്തസ്സിനനുസരിച്ചുള്ള വിധം നടക്കാൻ ഇപ്പോൾ കിട്ടുന്ന പണം തീരെ പോരാത്തതുകൊണ്ടാണെല്ലോ നമ്മുടെ രാജകുമാരന്മാർ (യുവരാജാവ് മാർ) പുറം രാജ്യങ്ങളിൽചെന്ന് ഓരോ ഉദ്യോഗത്തിൽ നേരെ പ്രവേശിച്ചുതുടങ്ങിയിരിക്കുന്നതു്. അതിനു് ഇപ്പോൾ നമ്മുടെ രാജ്യത്തിൽതന്നെ നല്ല ദൃഷ്ടാന്തമുണ്ട്.

നമ്മുടെ രാജകുമാരന്മാർ രാജ്യക്ഷേമത്തിനുതകുന്ന പലജോലികളിലും ഏർപ്പെട്ടു് നമ്മുടെ രാജ്യത്തിനു് ഗുണം വരുത്തുന്നുണ്ട്. ചിലർ വൈദ്യസഹായം ചെയ്യുന്നു. മറ്റുചിലർ സാഹിത്യപരിശ്രമത്തിൽ ഏർപ്പെട്ടിരിക്കുന്നു. ഇവരെല്ലാം രാജ്യക്ഷേമത്തിനുതകുന്ന അനവധികാര്യങ്ങൾ അവർനിർവ്വഹിക്കുന്നുണ്ട്.

അടുത്തതായി പ്രസിഡെണ്ടിനെ സംബന്ധിച്ചാണ്. അതിനെപ്പറ്റി ഞാൻ അധികം വിസ്തരിക്കുന്നില്ല. നമ്മുടെ പ്രസിഡെണ്ടു് ഏതാണ്ടു് ഞാറയ്ക്കലിലെ സമുദ്രംപോലെ വളരെ ശാന്തമായിട്ടാണ് ജനങ്ങളോടു് ഇടപെടുന്നതു്.

പ്രസിഡെണ്ടു്.—സമുദ്രത്തിൽ ചിലപ്പോൾ ചില കോളുകളും ഇളക്കങ്ങളും ഉണ്ടാകുമല്ലൊ?

മിസ്റ്റർ പി. കുഞ്ഞുമുഹമ്മദ്.—ഞാറയ്ക്കൽ അതു് ഉണ്ടാകയില്ല. (*Laughter.*) ആണ്, ആലായി മാസങ്ങളിലെ കോളുകളൊന്നും അവിടെ (ഞാറയ്ക്കൽ ചെല്ലിക്കുന്നതിൽ) ഉണ്ടാകാറില്ല. എപ്പോഴും വളരെ ശാന്തമാണ്. അപ്രകാരമാണ് നമ്മുടെ പ്രസിഡെണ്ടിന്റേയും ഈ കൌൺസ്സിൽ ജീവിതമെന്നു് മറ്റു മെമ്പർമാരും സമ്മതിക്കാതിരിക്കയില്ലെന്നു് ഞാൻ വിശ്വസിക്കുന്നു.

അതുകൊണ്ടു് ഇങ്ങനെയുള്ള കാര്യങ്ങളിൽ മാന്യമെമ്പർമാരുടെ നയം കൂടുതൽ നല്ല നിലയിൽ ആക്കിത്തീർത്താൽ കൊള്ളാമെന്നുള്ള അപേക്ഷയോടുകൂടി എന്റെ പ്രസംഗത്തെ ഉപസംഹരിക്കുന്നു.

Mr. K. S. Rama Ayyar.—The budget estimate now on the table of the House is only a repetition of the same old story and a continuance of the same old policy. It sounds quite strange to me when some members say that it is an improvement on the last year's budget. I wonder how people call it an improvement, when the same things are there. Speaking generally, I must point out that the Government do not seem to fully realise what they exist for, and what are their functions and responsibilities. Some money collected, some money spent, is not always the sort of budget that is made for the welfare of the people. A surplus by itself is no matter for consolation, much less for jubilation. A deficit is not always something for unpleasant remarks. The Government exist for the people, for the welfare of the people. It follows then that it is their function and their responsibility to find out what all must be done to bring about welfare among the people, and then to do it all

LIBRARY ARCHIVES Kerala Legislative Assembly

That is no easy business. It is in fact a heavy task ; and that is why the best brains of a country are sought to take up the reins of Government. The right method for a Government that is solicitous about the welfare of the people is to set out a programme calculated to bring welfare among the people. Then prepare an estimate of cost. Try to make as much as possible from the people themselves by direct and indirect taxation. If found necessary in the interest of the public, borrow from the people first and from outside next. Work the programme and arrive at the result. The ultimate aim must always be the welfare of the people. What we have before us is the estimate. The Government estimate to spend Rs. 68,91,000 next year. And they propose to collect this Rs 68,91,000 and a little more, viz., a total of 70,36,700 from the people. They propose to collect 70 lakhs from the people. That comes to Rs. 7 per head of the population. And what is their programme ? Of course, the old items are there—all the 31 items from Land Revenue down to Miscellaneous. There is provision for the preservation of law and order, there is provision for education, there is provision for several items. But the programme does not show any improvement in the matter of provision for the material advancement of the State, no new ideas, no new things that will help to bring more tangible results in the matter of agricultural output, trade returns or industrial incomes. I repeat that, unless and until the Government include these items in their programme and are in a position to place definite and well laid out schemes on the table, the Government cannot be said to have discharged all their responsibilities.

In the matter of agriculture, the Government can say that there is a department to look after the interests of the people, and they are spending some money in this direction. What I say is that, unless the Government find out means for showing an appreciable increase in the output of agricultural products, thus minimising imports from outside, they cannot be said to have done enough. Repair of a *chira* there and putting up a *chira* here are all necessary items ; but they all serve only normal purposes. Practical schemes, big schemes, new schemes, must be thought out and worked, and figures must come on the table showing the increased output every year. Nothing of this sort is done. Nothing less than this can satisfy the House.

I complained once last year about the necessity of organising some dairy farms in the State so that the State may have

LIBRARY ARCHIVES Kerala Legislative Assembly

enough of cow products for local consumption, and the State may avoid importing them from outside. I did not mean that the Government should keep the farms themselves. They must only see that the farms are there. They may be started and worked by the people. The push must come from the Government. The Government must see that they are properly organised and worked. If necessary, the Government should furnish financial help also at the outset and render all other aid that may be necessary. Nothing has been done till now. Nothing is proposed to be done next year.

I ask the Government who is in charge of commerce. The Government cannot but admit that there is none in charge. The Government once last year admitted that they have no statistics of exports and imports. Is this administration for the welfare of the people ? And the budget without any provision or programme for the improvement of a trade of the country is laid on the table to be passed by the Legislature. The right thing that the right representatives of the right people would do is to throw out the budget altogether. But we know we are powerless. We cannot do it. Even if we do it, the Government are not going to be defeated.

